# ജാമക്കാരൻ
# JAMAKKARAN

VOLUME - 6 Reg NO.TNBIL/2016/70171 ISSUE - 9

SEPTEMBER - 2022 TAMIL & MALAYALAM

ANNUAL SUBSCRIPTION - Rs.60/= FOREIGN - Rs.600/=

**(ജാമക്കാരനിൽ)** സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21) പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).

ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. (1 കൊരി:2:15) (ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല – കത്തോലിക്ക വേദപുസ്തകം).

0427 - 2387499. E-mail : jamakaran@yahoo.com. Fax: 0427- 2386464. www.jamakaran.com

Mob.: No. **9894261333**

ജാമക്കാരൻ JAMAKKARAN



ദൈവം കൃപയായി തന്ന എന്റെ സ്നേഹ വായനക്കാർക്ക് യേശുക്രിസ്തുവിൻ നാമത്തിൽ ആശംസകൾ പറയുന്നു. ഈ പ്രാവശ്യം മാസിക യിൽ CSI സഭയിൽ ഉള്ളവർക്കും എല്ലാപേർക്കും വിഷമം ഉണ്ടാകുന്ന വിഷയങ്ങൾ ഞാൻ പരസ്യ പ്പെടുത്തുന്നു. CSI, ലൂഥറൻ സഭകൾ ഇനി മാറാൻ പോകുന്നില്ല. എഴുതിയതുകൊണ്ട് ഒരു പ്രയോജ നവും ഇല്ല എന്ന് വിഷമിച്ച സമയത്തിലാണ് പല ഡയോസിസുകളിൽ നിന്ന് വേദനിപ്പിക്കുന്ന വാർത്തകൾ വന്നുകൊണ്ടി രിക്കുന്നത്. ചില മാസങ്ങൾക്കു മുമ്പ് **തൂത്തുക്കുടി നസ്രേത്ത്** ബിഷപ്പ വർകളെ സസ്പെന്റാക്കി എന്ന വിവരം അറിഞ്ഞു. നേരത്തെ ഈ ബിഷ പ്പിനെക്കുറിച്ചും, പണത്തെ തെറ്റായ വിധത്തിൽ കൈകാര്യം ചെയ്തതും ഇദ്ദേഹത്തിന്റെ മകന്റെ രണ്ടാമത്തെ ഭാര്യയുടെ കുടുംബത്തിലുള്ളവർ ബ്ലാക്ക്മെയിൽ ചെയ്ത് ബിഷപ്പിന്റെ കൈയ്യിൽ നിന്നും ലക്ഷക്കണക്കിന് പണം വാങ്ങിക്കൊണ്ടിരിക്കുന്നു. മകൻ ചെയ്ത തെറ്റിന് അപ്പൻ അപ മാനം അനുഭവിച്ചുകൊണ്ടിരിക്കുന്നു. അതിന് ലേ സെക്രട്ടറിയും കമ്മി റ്റിയും ഡയോസിസിൽ നിന്നെടുത്ത് പണസഹായം ചെയ്തുകൊണ്ടിരി

ക്കുന്നു. ഇതിന്റെ ഇടയിൽ ഇലക്ഷൻ വന്നു. പുതിയ കമ്മിറ്റി പദവിയിൽ കയറി. ആ കമ്മിറ്റിയും ബിഷപ്പും യോജിച്ചുപോകുന്നില്ല. കാരണം പഴയ കമ്മിറ്റി ഇവർക്ക് ഡയോസിസ് പണത്തെ പലവിധത്തിൽ എടുത്തു സഹായിച്ചു. ആ പണവരവ് നിന്നുപോയി: പ്രശ്നങ്ങൾ സിനഡിനുപോയി. അവരെക്കൊണ്ടു ഒന്നും ചെയ്യാൻ സാധിച്ചില്ല. സിനഡിലുള്ള മോഡറേറ്ററുടെ പേരിൽതന്നെ 18 കോടതിക്കേസുകളും പണവെട്ടിപ്പുകേസുകളും നടന്നുകൊണ്ടിരിക്കുന്നു. ഇവരെല്ലാം കൂടി കള്ളന്മാരെ പോലെ പ്രവർത്തിക്കുന്നതുകൊണ്ട് ഈ വിഷയത്തിൽ സിനഡ് ഇടപെടാതെ മാറിനിന്നു. കോടതിയിൽ ചെന്നശേഷം തൂത്തുകുടി ബിഷപ്പിന്മേലുള്ള പരാതിയും പണവെട്ടിപ്പും തെളിവോടെ തെളിയിച്ചതുകൊണ്ട് ബിഷപ്പ് അദ്ദേഹത്തിന്റെ പദവിക്ക് യോഗ്യനല്ല. അതുകൊണ്ട് ബിഷപ്പിന്റെ മേൽ നടപടി എടുക്കണം എന്ന നിർദ്ദേശം നൽകി. വേറെ വഴിയില്ലാതെ മോഡറേറ്റർ ബിഷപ്പിനെ സസ്പെന്റ് ചെയ്തു. തൂത്തുക്കുടിയിൽ ഇപ്പോൾ ബിഷപ്പില്ല. അച്ചന്മാർക്ക് ശമ്പളം കൊടുക്കണം. പല പ്രോജക്ടുകളും പൂർത്തിയാകാതെ സ്തംഭിച്ചു നിൽക്കുന്നു. തൽക്കാലം കോയമ്പത്തൂർ ഡയോ സിസ് ബിഷപ്പവർകളെ ബിഷപ്പ് കമ്മിസറിയായി നിയമിച്ചു ഇത് പഴയ കമ്മിറ്റിയും പുതിയ കമ്മിറ്റിയും തമ്മിലുള്ള പ്രതികാര പ്രശ്നത്തിന് കാരണമാകുന്നു. ഈ പ്രശ്നങ്ങൾ വർദ്ധിച്ചാൽ കോടതി ഇടപെടേണ്ടിവരും. അതുകൊണ്ട് ചിലർ എന്നെ സമീപിച്ച് ഇതിനു എന്താവഴി എന്നു ആലോചന ചോദിച്ചു. അപ്പോൾ ഞാൻ തൂത്തുക്കുടി ബിഷപ്പവർകൾ മോഡറേറ്റർക്കും സിനഡ് കമ്മിറ്റിക്കും മാപ്പു ചോദിച്ച് കത്തെഴുതിയാൽ പ്രശ്നം തീരും എന്ന് പറഞ്ഞു. പക്ഷെ ഇതിന്റെ ഇടയിൽ ആരോ ബിഷപ്പിന് തെറ്റായ ആലോചന പറഞ്ഞതുകൊണ്ട് ബിഷപ്പവർകൾ കോടതിയിൽ കേസ് കൊടുത്തു. അതുകൊണ്ട് ഉള്ളതും നഷ്ടമായി. റിട്ടയേർഡാകേണ്ട സമയത്ത് കിട്ടേണ്ട പണവും മാസശമ്പളവും നിന്നുപോയി. തൂത്തുക്കുടിയുടെ മുൻബിഷപ്പ് Rt. Rev. ജയചന്ദ്രൻ അവർകൾക്ക് ഉണ്ടായ ഗതികേട് തന്നെ ഈ ബിഷപ്പിനും തീർച്ചയായും ഉണ്ടാകും. ഇങ്ങനെ ബിഷപ്പു തന്റെ അധികാരത്തെ ദുരുപയോഗം ചെയ്തതുകൊണ്ടു, വെട്ടിപ്പു നടത്തുന്ന ചില ഭാരവാഹികളോട് ചേർന്ന് പ്രശ്നത്തെ വർദ്ധിപ്പിച്ചു സാക്ഷ്യം നഷ്ടപ്പെടുത്തുന്നു. പ്രശ്നത്തിനു പരിഹാരം വരുത്തേണ്ട മോഡറേറ്റർ തന്നെ പ്രശ്നത്തിന്റെ ഉള്ളിൽ നിൽക്കുന്നു.

ഇപ്പോഴുള്ള മോഡറേറ്റർ Most Rev.ധർമ്മരാജ് റസാലം അവർകളും മി. പ്രവീൺ അവർകളും കൂട്ടുചേർന്ന് പലവിധമായ കോൺട്രാക്ടുകൾ ലഭിക്കാൻ വേണ്ടി, കോൺട്രാക്ടു പണിക്കു കിട്ടുന്ന പണത്തിൽ വെട്ടിപ്പു നടത്താൻ വേണ്ടി സഭാജനങ്ങൽക്കു ഇഷ്ടമില്ലാത്ത അന്യായങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നു. അതൊക്കെ ടിവിയിലും എല്ലാ പത്രങ്ങളിലും ഓരോരോ ദിവസവും പരസ്യപ്പെടുത്തിക്കൊണ്ടിരിക്കുന്നു. ജാതികളുടെ ഇടയിൽ ഇത് വലിയ തരത്തിൽ സാക്ഷ്യത്തെ നഷ്ടമാക്കുന്നു. അതിനെക്കുറിച്ച് പത്രക്കാർ എഴുതിയ വാർത്തകളെ മാറ്റാതെ അതുപോലെ ഈ മാസം ജാമക്കാരനിൽ പരസ്യപ്പെടുത്തുന്നു.

മഹാരാഷ്ട്രയിൽ 127 എം.എൽ.എ കളെ രാജസ്ഥാനിലുള്ള ഫൈവ്സ്റ്റാർ ഹോട്ടലിൽ താമസിപ്പിച്ച വിവരം പത്രത്തിൽ വായിച്ചു. അവിടുത്തെ ഹോട്ടലിൽ ഒരു ദിവസം താമസിക്കാനുള്ള വാടക 51780 രൂപ, ഇത് ഒരാളുടെ മുറിവാടക മാത്രമാണ്. ഏകദേശം മൂന്നു ആഴ്ചകൾ ആ ഹോട്ടലിൽ താമസിപ്പിച്ചു. എന്നാൽ മൂന്നു ആഴ്ചയ്ക്ക് മുറിവാടക മാത്രം എത്ര കോടികൾ ചിലവായിക്കാണും? ബി.ജെ.പി, മഹാരാഷ്ട്ര ഭരണത്തിൽ വരാൻ വേണ്ടി, കോടികൾ എം.എൽ.എ മാർക്ക് ചിലവു ചെയ്തു. മാത്രമല്ല ഇന്ത്യ മുഴുവനിലും തങ്ങളുടെ ഭരണം വരുവാൻ ബി.ജെ.പി പണത്തോടു തയ്യാറായി നിൽക്കുന്നു.

ഏകദേശം അതുപോലെ തന്നെ പള്ളിയിലുള്ള ചില പ്രമാണികളെയും അച്ചൻമാരേയും ലക്ഷ്വറി ബസ്സിൽ കയറ്റി കോവളത്തു താമസിപ്പിച്ചു. എം.എം. പള്ളിയിൽ നടത്താനുള്ള അഴിമതികൾക്കു സപ്പോർട്ടു ചെയ്യാൻ അവരെ ബ്രെയിൻവാഷു ചെയ്തു. ചിലരെ ഭീഷണിപ്പടുത്തി. ഇങ്ങനെ സകല ഏർപ്പാടുകളോടുകൂടി പള്ളിയുടെ മുമ്പിൽ ഇറക്കി. അതുകൊണ്ടു എം.എം. പള്ളിയിൽ ഭൂരിപക്ഷം ആളുകളെ എതിർക്കാനും മർദ്ദിക്കാനും അവരെ തയ്യാർ ചെയ്തു ഇറക്കി. ഈ പരിപാടികളെ ബിഷപ്പും മോഡറേറ്ററുമായ റസാലം അവർകൾ പത്രക്കരോട് സംസാരിക്കുമ്പോൾ, ബഹളം ഉണ്ടാക്കുന്ന ഭൂരിപക്ഷം ആളുകൾ ഞങ്ങളുടെ സഭയുടെ മെമ്പർമാരല്ല, ഞങ്ങളോടൊപ്പം നിൽക്കുന്നവരാണ് യഥാർത്ഥമെമ്പർമാർ 50, 60 പേർ മാത്രമാണ് എതിർക്കുന്നത്. മറ്റുള്ളവർ ഞങ്ങളെ സഹായിക്കുന്നു. പോലീസ് ബിഷപ്പു കൂട്ടത്തെ

സഹായിക്കുന്ന ആളുകളായതുകൊണ്ട് യഥാർത്ഥ സഭാംഗങ്ങൾ പ്രതിഷേധിച്ചു ഘോഷയാത്ര നടത്തി. ഇങ്ങനെ പല എതിർപ്പുകളും നടത്തി ഒരു പ്രയോജനവുമില്ലാത്തതുകൊണ്ട് L.M.S മിഷണറി ഭാരത്തോടു വളർത്തിയ ഈ സഭ രണ്ടായി തകരാൻ പോകുന്നു. ഡയോസിനോട് ബന്ധപ്പെടാതെ ട്രിവാൻഡ്രത്തിലുള്ള ക്രൈസ്റ്റ്–ചർച്ചുകൾ പോലെ ഒരു പ്രത്യേക പള്ളി പണിയാനും ആരാധിക്കാനും സഭയെ വിട്ട് പിരിഞ്ഞുപോകാനും ഏർപ്പാടുകൾ ചെയ്തുകഴിഞ്ഞു. നമ്മുടെ ദൈവം വേർപെടുത്തുന്ന ദൈവമല്ല. ഒരുമിച്ച് ചേർക്കുന്ന ദൈവമാണ്. സഭയെ ഒരുമിച്ചു ചേർക്കാനും സമാധാനത്തോടു നടത്താനും ആലോചന പറയുന്നു ദക്ഷിണ കേരളാ ബിഷപ്പും CSI മോഡറേറ്ററുമായ റസാലം അവർകളും കൂടെ നിൽക്കുന്ന ആളുകളും തടസ്സമായി നിൽക്കുമ്പോൾ സമാധാനത്തോടു ആരാധിക്കാൻ ആഗ്രഹിക്കുന്ന ജനങ്ങൾ എവിടെപ്പോകും? ഒരു തനി സഭയായി ആരാധിക്കുന്നതല്ലാതെ വേറെ മാർഗ്ഗമില്ല. ഇതിന്റെ ഇടയിൽ ജൂബിലി ആഘോഷത്തിന് എല്ലാ ബിഷപ്പുമാരേയും വരുത്തി നാട്ടുകാരുടെ മുമ്പിലും ജനങ്ങളുടെ മുമ്പിലും സമാധാനത്തിന്റെ അടയാളമായ സമാധാന പ്രാവേ പറത്തിവിടുന്ന കാഴ്ച നിങ്ങൾ പടത്തിൽ കാണുന്നു. പ്രവാചകൻ പറയുന്നപോലെ സമാധാനമില്ലാതിരുന്നിട്ടും സമാധാനം എന്നുപറയുന്ന ആളുകൾക്ക് അയ്യോ കഷ്ടം! ദക്ഷിണകേരളാ മഹായിടവകയും തൂത്തുക്കുടി നസ്രേത്ത് CSI ഡയോസിസിനും വേണ്ടി പ്രാർത്ഥിക്കാൻ ഞാൻ അപേക്ഷിക്കുന്നു.

തൂത്തുക്കുടി ഡയോസിസിൽ പ്രശ്നങ്ങൾ നീണ്ടുപോയാൽ തിരുനെൽവേലി ഡയോസിസിൽ നടന്നതുപോലെ ഹൈക്കോടതി തന്നെ ഡയോസിസ് നടത്തുവാൻ അഡ്മിനിസ്ട്രേറ്ററെ ഏർപ്പാട് ചെയ്യും. അതേപോലെ ദക്ഷിണകേരളാ മഹായിടവകയിലും പ്രശ്നങ്ങൾ വർദ്ധിക്കുമെങ്കിൽ കോടതി മീഡിയേറ്ററെ ഏർപ്പാടു ചെയ്യും. അച്ചന്മാർ ജാതികളായിട്ടുള്ള അഡ്മിനിസ്ട്രേറ്റർമാരിൽ നിന്നും ശമ്പളം വാങ്ങേണ്ടി വരും. അത് ക്രിസ്ത്യാനികൾക്ക് വലിയ അപമാനമായിത്തീരും.

**ഡോ. പുഷ്പരാജ്**

വാർത്തകൾ!!!

# സുഡാൻ യുവതി വിശ്വാസത്തിന്റെ ബലിപീഠത്തിൽ

2014 മെയ് പതിനാറാം തീയതിയിലെ ക്രിസ്ത്യാനിറ്റി ടുഡേയിൽ കണ്ട സംഭീതിജനകമായ ഒരു വാർത്തയെ അധികരിച്ചുള്ള ലേഖനമാണിത്. ക്രിസ്ത്യാനിയായ അമേരിക്കൻ പൗരന്റെ ഭാര്യ ഡോ. മെറിയം ഇബ്രാഹിം ഈ ഇരുപത്തൊന്നാം നൂറ്റാണ്ടിൽ ക്രിസ്തുവിലുള്ള വിശ്വാസം ത്യജിക്കാത്തതിന്റെ പേരിൽ സുഡാൻ ഇസ്ളാമിക കോടതിയിൽ ശിക്ഷിക്കപ്പെട്ട് രക്തസാക്ഷിമരണത്തിന് തയ്യാറെടുക്കുന്ന വാർത്ത ലോകമനസാക്ഷിയെ തന്നെ ഞെട്ടിപ്പിക്കുന്ന ഒന്നാണ്.

ക്രിസ്തുവിലുള്ള വിശ്വാസം ത്യജിച്ച് ഇസ്ലാമിലേക്ക് മടങ്ങിവരുന്നതിനു നൽകിയ കാലാവധി അവസാനിച്ച ദിവസം അത്തരമൊരു മടങ്ങിവരവിന് താൻ തയ്യാറല്ലെന്ന് ഡോ. മെറിയം ഇബ്രാഹിം ഖാർട്ടൂമിലെ കോടതിയെ അറിയിക്കയുണ്ടായി. ഈ ഇരുപത്തേഴുകാരി ഇരുപതുമാസം പ്രായമുള്ള ഒരു കുഞ്ഞിന്റെ മാതാവ് മാത്രമല്ല, ഇപ്പോൾ പൂർണ്ണഗർഭിണിയുമാണ്. ഇസ്ലാമിക കോടതിയെ ധിക്കരിച്ച ഡോ. മെറിയം ക്രിസ്തുവിലുള്ള വിശ്വാസത്തിനുവേണ്ടി കഴുമരത്തിലേക്ക് നടന്നടുത്തുകൊണ്ടിരിക്കയാണ്.

മുസ്ലീം ഭവനത്തിൽ ജനിച്ച മെറിയം ക്രിസ്ത്യാനിയായ അമേരിക്കൻ പൗരനെ വിവാഹം കഴിച്ചതുകൊണ്ട് അവൾക്കെതിരായി വ്യഭിചാരക്കുറ്റം ചുമത്തി കോടതിയെ സമീപിച്ചത് സ്വസഹോദരനായിരുന്നു എന്നത് ഈ കേസിന്റെ ഒരു പ്രത്യേകതയാണ്. 'വ്യഭിചാര'ക്കുറ്റത്തിന് നൂറ് അടി ശിക്ഷയനുഭിച്ചശേഷമേ വധശിക്ഷ നടപ്പാക്കുകയുള്ളൂ. ഒരു ഇസ്ലാം മതപണ്ഡിതൻ നാൽപതു മിനിറ്റുനേരം മെറിയത്തോടു ക്രിസ്തുവിലുള്ള വിശ്വാസം ത്യജിക്കുവാൻ നിർബന്ധിച്ചെങ്കിലും അവൾക്കു പറയാനുണ്ടായിരുന്നത് അവൾ ഒരു ക്രിസ്ത്യാനിയാണെന്നും അവൾ ഒരിക്കലും ഒരു ഇസ്ലാം മതാനുയായി ആയിരുന്നില്ല എന്നുമാണ്. ആ മറുപടിയിൽ ക്ഷുഭിതനായ ന്യായാധിപൻ 'മരണപര്യന്തം നിന്നെ തൂക്കിലിടുന്നു' എന്ന് വിധി

പ്രസ്താവിച്ചു. ഗർഭസ്ഥശിശുവിനെ നശിപ്പിക്കാൻ വകുപ്പില്ലാത്തതുകൊണ്ട് വധശിക്ഷ നടപ്പാക്കുന്നത് മെറിയത്തിന്റെ പ്രസവാനന്തരമായിരിക്കും. മെറിയത്തിന്റെ വക്കീൽ അപ്പീൽ സമർപ്പിക്കുന്നതാണ്. വിസ്താര സമയത്ത് അവളുടെ ഭർത്താവിന് കോടതിയിൽ പ്രവേശനം നിഷേധിക്കുക മാത്രമല്ല, തടവിൽ പാർപ്പിച്ചിരിക്കുന്ന മെറിയത്തെയോ അവളോടൊപ്പം ജയിലിൽ കഴിയുന്ന അവരുടെ ഇരുപതുമാസം പ്രായമുള്ള മകനെയോ സന്ദർശിക്കുവാൻ അനുമതിയും നിഷേധിക്കുകയുണ്ടായി.

പ്രമാദമായ ഈ കേസിന് ആസ്പദമായത് മെറിയത്തിന്റെ പിതാവ് ഒരു മുസ്ലീം ആണെന്നുള്ളതാണ്. അപ്രകാരമുള്ള ഒരു മുസ്ലീം വനിത അമേരിക്കൻ പൗരത്വമുള്ള ഒരു സുഡാനി ക്രിസ്ത്യാനിയെ വിവാഹം കഴിച്ചത് നിയമസാധുതയുള്ള വിവാഹമായി സുഡാനിലെ കോടതി പരിഗണിക്കുന്നില്ല. അക്കാരണത്താൽ അവൾ പരപുരുഷനുമായി 'അവിഹിതബന്ധ'ത്തിലേർപ്പെട്ടതിനുള്ള ശിക്ഷയായി നൂറ് അടിയും ക്രിസ്തുമതത്തിലേക്കുള്ള മതപരിവർത്തനത്തിന് വധശിക്ഷയുമാണ് വിധിച്ചിരിക്കുന്നത്. തെക്കൻ സുഡാൻ നൂറുശതമാനം ഇസ്ലാം രാജ്യമാക്കും എന്ന നിശ്ചയദാർഢ്യത്തോടെ ന്യൂനപക്ഷങ്ങൾ ക്കെതിരായി അഴിച്ചുവിട്ടിരിക്കുന്ന മതപീഢയുടെ ഒരു ഉദാഹരണം മാത്രമാണ് ഡോ. മെറിയത്തിന്റെ കദനകഥ. അവളുടെ പിതാവ് ഒരു ക്രൈസ്തവവനിതയെയാണു വിവാഹം കഴിച്ചത്. അവളുടെ ആറാമത്തെ വയസ്സിൽ പിതാവ് കുടുംബത്തെ ഉപേക്ഷിച്ചു പോയതുകൊണ്ട് ക്രിസ്ത്യാനിയായ മാതാവ് മകളെ ഒരു ക്രിസ്ത്യാനിയായിട്ടാണ് വളർത്തിയത്. ആ മകളുടെ കാഴ്ചപ്പാടിൽ താനൊരിക്കലും ഒരു ഇസ്ലാം മതാനുയായി ആയിരുന്നില്ല. ക്രൂരമായ ശിക്ഷയിൽ നിന്നും വിടുതലിനായി മതപണ്ഡിതൻ അവൾക്ക് നൽകിയ നിർദ്ദേശം അവൾക്ക് ഒട്ടും സ്വീകാര്യമല്ല: യേശുക്രിസ്തുവിനെ തള്ളിപ്പറയുക

ഇതൊരു ഒറ്റപ്പെട്ട സംഭവമല്ല. ലോകരാജ്യങ്ങളിലെ മൗലികാവകാശധ്വംസനം, രാഷ്ട്രീയ സ്വതന്ത്ര്യം, മതസ്വതന്ത്ര്യം ഇത്യാദി വിഷയങ്ങളെ വിശദമായി വിശകലനം ചെയ്ത് ആണ്ടുതോറും റിപ്പോർട്ട് സമർപ്പിക്കുന്ന ഫ്രീഡം ഹൗസിന്റെ 2014–ലെ റിപ്പോർട്ടനുസരിച്ച് ഏറ്റവും അധികം

മനുഷ്യാവകാശലംഘനങ്ങൾ നടക്കുന്ന രാജ്യങ്ങളുടെ പട്ടികയിൽ സുഡാനു മുൻഗണനാസ്ഥാനമാണുള്ളത്. അപ്രകാരമുള്ള അനേക രാജ്യങ്ങളിലെ സ്ഥിതി മെച്ചപ്പെട്ടപ്പോൾ തെക്കൻ സുഡാനിലെ സ്ഥിതി മറിച്ചായിരുന്നു. തെക്കൻ സുഡാനിൽ മതന്യൂനപക്ഷങ്ങളെ പീഢിപ്പിക്കുന്ന പ്രവണത 2011 മുതൽ അനുദിനം വർദ്ധിച്ചു കൊണ്ടിരിക്കുകയാണ് എന്നത്. പ്യൂ റിസേർച്ച് ഫോറത്തിന്റെ ഈ വർഷത്തെ റിപ്പോർട്ടനുസരിച്ച് 151 രാജ്യങ്ങളിൽ ക്രൈസ്തവ ജനത അവരുടെ വിശ്വാസത്തിനുവേണ്ടി വിവിധ നിലകളിൽ പീഢീപ്പിക്കപ്പെടുന്നു. 33 ബാപ്റ്റിസ്റ്റ് മിഷണറിമാരെ വധിക്കുവാൻ വടക്കൻ കൊറിയൻ പ്രസിഡന്റ് നേരിട്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ട് ചില ആഴ്ചകൾ ആയതേയുള്ളൂ. ക്രൈസ്തവ മതപീഢയ്ക്ക് നമ്മുടെ അയൽ രാജ്യമായ പാകിസ്ഥാൻ ഒട്ടും പിന്നിലല്ല. മതനിന്ദയുടെ പേരിൽ ഒരു ക്രൈസ്തവ ദമ്പതികളെ വധിച്ചതും ഈയിടെത്തന്നെ. ഇറാക്ക്, സിറിയ തുടങ്ങിയ രാജ്യങ്ങളിൽ ക്രിസ്ത്യാനികളുടെ വംശനാശം ലക്ഷ്യമാക്കിയുള്ള പീഢനമാണ് ഇന്നുംനടമാടിക്കൊണ്ടിരിക്കുന്നത്.

ഡോ. മെറിയത്തിന്റെ മേൽ ചുമത്തപ്പെട്ട രണ്ടു ശിക്ഷകളും കടുത്ത മനുഷ്യാവകാശ ലംഘനമായിട്ടാണ് മനുഷ്യവകാശ സംഘടനകൾ വീക്ഷിക്കുന്നത്. ആംനസ്റ്റി ഇന്റർനാഷണൽ എന്ന അന്താരാഷ്ട്ര-മനുഷ്യാവകാശ സംഘടന ഖാർട്ടും, കോടതിയുടെ കിരാത ശിക്ഷാനടപടിയെ അപലപിക്കയും മെറിയത്തെ ഒട്ടും വൈകാതെ സ്വതന്ത്രയാക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. വ്യത്യസ്ത മതാനുയായിയെ വിവാഹം കഴിക്കുന്നതും ഇഷ്ടമുള്ള മതം തെരെഞ്ഞടുക്കുന്നതും ഒരു വ്യക്തിയുടെ മൗലികാവകാശമാണെന്നും അവ ശിക്ഷാർഹമായ കുറ്റങ്ങൾ അല്ലെന്നുമാണ് ആംനസ്റ്റിയുടെ വാദം. അന്താരാഷ്ട്ര മനുഷ്യാവകാശ നിയമങ്ങളെ കാറ്റിൽ പറത്തിയ ഖാർട്ടും കോടതിയുടെ നടപടി അന്താരാഷ്ട്ര സമൂഹത്തിന് യാതൊരു രീതിയിലും അനുവദിച്ചുകൊടുക്കാൻ സാധ്യമല്ലെന്നാണ് അവരുടെ നിലപാട്.

പ്രിയ സഹോദരിമാരേ, ഞാനൊന്നു ചോദിക്കട്ടെ, ഡോ. മെറിയം അഭിമുഖീകരിക്കുന്ന തരത്തിലുള്ള ഒരു പ്രതിസന്ധിയിൽ നാമോരുത്തരും ആണെങ്കിൽ നമ്മുടെ നിലപാട് എന്തായിരിക്കും? ആദിമക്രൈസ്തവർ വിശ്വാസത്തിനുവേണ്ടി രക്തസാക്ഷികളായി. ഒരു സാമ്രാജ്യത്വശക്തിയും

ക്രിസ്തുവിലുള്ള അവരുടെ വിശ്വാസത്തെ തകർക്കുവാനോ നിർവീര്യപ്പെടുത്തുവാനോ കഴിഞ്ഞില്ല. ആദിമസഭയുടെ ആരംഭദശയിൽ അപ്പോസ്തലന്മാരുടെ അപ്രതിഹതമായ ആവേശത്തിരത്തള്ളലിനു തടയണ നിർമ്മിക്കാൻ അധികാരവർഗ്ഗവും മതപുരോഹിതമേധാവിത്വവും കിണഞ്ഞുപരിശ്രമിക്കുന്നതായി അപ്പൊ പ്രവർത്തി നാലാം അദ്ധ്യായത്തിൽ കാണുന്നു. സന്നദ്രീം സംഘത്തിന്റെ മുമ്പാകെ വിസ്തരിക്കപ്പെട്ട ക്രിസ്തുശിഷ്യന്മാരായ പത്രോസിന്റെയും യോഹന്നനാന്റെയും വിപദിധൈര്യം അധികാരികളെ അത്ഭുത പരതന്ത്രരാക്കി. 'യേശുവിന്റെ നാമത്തിൽ അശേഷം സംസാരിക്കരുത്, ഉപദശിക്കയും അരുതെന്ന് അവരെ വിലക്കിയപ്പോൾ 'പഠിപ്പില്ലാത്തവരും സാമാന്യരുമായ' (അപ്പൊ.പ്രവൃത്തി 4:13) അവരുടെ പ്രതികരണം 'ദൈവത്തെക്കാൾ അധികം നിങ്ങളെ അനുസരിക്കുന്ന പ്രശ്നമേയില്ല'എന്നായിരുന്നു. അപ്രകാരം സുധീരമായ ഒരു തീരുമാനത്തിന്റെ കാരണം 'ഞങ്ങൾക്കോ, ഞങ്ങൾ കണ്ടും കേട്ടുമിരിക്കുന്നതു പ്രസ്താവിക്കാതിരിക്കാൻ കഴിയുന്നതല്ല' (അപ്പൊ.പ്രവൃത്തി 4:20) എന്നതായിരുന്നു. നിയമലംഘനത്തിന്റെ പരിണിതഫലമെന്തായിരുന്നാലും അത് സന്തോഷസമേതം അനുഭവിക്കാൻ അവർ തയ്യാറായിരുന്നു. അവർ എന്തും സഹിക്കുന്നത് അവർക്കുവേണ്ടി എല്ലാം സഹിച്ചവനെ ഉയർത്തിക്കാണിക്കുന്നതിനായിരുന്നു. അവർ എല്ലവരും പരിശുദ്ധാത്മാവു നിറഞ്ഞവരായി ദൈവവചനം ധൈര്യത്തോടെ പ്രസ്താവിച്ചു. ആദിമവിശ്വാസികളെപ്പോലെ നാമും കർത്താവിനുവേണ്ടി ധൈര്യത്തോടെ നിൽക്കുമോ?

ഈ ഇരുപത്തൊന്നാം നൂറ്റാണ്ടിലും ലോകത്തിന്റെ വിവിധ രാജ്യങ്ങളിലുള്ള ക്രൈസ്തവ വിശ്വാസികൾ തങ്ങളുടെ വിശ്വാസത്തിന്റെ സംരക്ഷണത്തിനായി വലിയ വിലയാണ് കൊടുത്തുകൊണ്ടിരിക്കുന്നത്. സുഡാൻകാരി മെറിയത്തിനു പാപമോചനം നൽകി അവളെ സ്വർഗ്ഗരാജ്യത്തിന്റെ അവകാശിയാക്കുവാൻ അവളുടെ പാപവും പേറി കാൽവരി ക്രൂശിൽ ശാപമരണം വരിച്ച നല്ല രക്ഷകനെ അവൾ സ്വജീവൻ നൽകേണ്ടിവന്നാലും തള്ളിപ്പറകയില്ല. നാമോ? പീഢയിൽക്കൂടി കടന്നുപോകുന്ന എല്ലാവർക്കു വേണ്ടിയും വിശിഷ്യാ ഡോ. മെറിയം ഇബ്രാഹിമിനെ കൊലക്കയറിൽ നിന്നുള്ള വിടുതലിനുവേണ്ടിയും പ്രാർത്ഥിപ്പാൻ

നാം തീരുമാനിക്കുമോ? മെറിയം നമുക്കൊരു പ്രചോദനമല്ലേ? ദൈവകൃപയാൽ നമ്മുടെ ഭാരതരാജ്യത്തിൽ ന്യൂനപക്ഷങ്ങൾക്ക് മതസ്വാതന്ത്ര്യത്തിന് ഒരു കുറവും ഇല്ല. അതിൽ നാം ദൈവത്തോട് നന്ദിയുള്ളവരായിരിക്കുമ്പോൾ തന്നെ, നമ്മുടെ ഭരണാധികാരികൾക്കുവേണ്ടി പ്രാർത്ഥിക്കുവാൻ മറക്കരുതേ, ന്യൂനപക്ഷ, ഭൂരിപക്ഷഭേദമന്യേ, ഭരണഘടന അനുശാസിക്കുന്ന മതസ്വാതന്ത്ര്യം നമ്മുടെ രാജ്യത്തെ എല്ലാവർക്കും അനുഭവ വേദ്യമാക്കുവാൻ ദൈവം സഹായിക്കട്ടെ

ഈ ലേഖനമെഴുതുമ്പോൾ മെറിയം ഇബ്രാഹിം തടവറയിലായിരുന്നു. നിരവധി മനുഷ്യ സ്നേഹികളും, സംഘടനകളും മെറിയത്തിന്റെ വിമോചനത്തിനായി നടത്തിയ തീവ്രശ്രമങ്ങൾ ശ്ളാഘനീയമാണ്. എല്ലാറ്റിനുപരി ലോക വ്യാപകമായി ക്രൈസ്തവ വിശ്വാസികൾ ദൈവസന്നിധിയിൽ അർപ്പിച്ച കണ്ണീരിൽ കുതിർന്ന പ്രാർത്ഥനകളെ ദൈവം ആദരിക്കുകയും മെറിയത്തെ സുഡാൻ ഭരണാധികാരികൾ ജയിൽ വിമുക്ത യാക്കുകയും ചെയ്തിരിക്കുന്നു എന്നത് തികച്ചും സന്തോഷകരമായ വാർത്ത തന്നെയാണ്. ഗുഡ്ന്യൂസ് മിനിസ്ട്രീസ് സ്ഥാപകൻ ഡോ. ചാൾസ് ജോണും, ക്രൈസ്തവ വനിതാ ചീഫ് എഡിറ്റർ ശ്രീമതി. അന്നമ്മ സി. ജോണും മെറിയത്തിന്റെ വിമോചനത്തിനായി സുഡാൻ ഭരണാധികാരികളോട് ഇമെയിലിലൂടെ അഭ്യർത്ഥന നടത്തിയിരുന്നുവെന്ന കാര്യവും ദൈവനാമ മഹത്വത്തിനായി അനുവാചകരുമായി പങ്കുവെയ്ക്കുന്നു.


## ONLINE BANKING (NEFT)

### Name : M G E PUSHPARAJ

**STATE BANK OF INDIA**

IFSC CODE - IFSC SBIN0001970 -10764116842 **A/C No: 10764116842**

SWIFT CODE - SBININBB300 **A/C No: 10764116842**

**CANARA BANK - SALEM** (SURAMANGALAM BRANCH)

IFSC CODE - IFSC CNRB0001219- 1219101013622. **A/C No: 1219101013622.**

SWIFT CODE - CNRB0001219 -1219101013622. **A/C No: 1219101013622.**

# ഭാഗ്യം – നിർഭാഗ്യം

ഡോ. കുഞ്ഞുമോൻ ചാക്കോ, കോട്ടയം

നമ്മളെല്ലാവരും ഭാഗ്യം ആഗ്രഹിക്കുന്നവരാണ്; ഭാഗ്യം കടാക്ഷിക്കുന്ന ഒരു സുദിനവും കാത്തിരിക്കുന്നവരാണ്, പക്ഷേ എന്താണ് ഭാഗ്യം? അർത്ഥമറിയാമെങ്കിലും ഭാഗ്യത്തെ നിർവചിക്കാൻ വിഷമമാണ്. ആരാണ് ഭാഗ്യവാൻ? ഒരു പരിധിക്കപ്പുറം ചിന്തിച്ചാൽ ആ ചോദ്യത്തിനുത്തരം പറയുവാനും വിഷമമാണ്.

എന്റെ ഒരു സുഹൃത്ത്, അയാൾ ഭാഗ്യവാനാണെന്ന് നാട്ടുകാർ പറയുന്നു. അത് പുറമേ നിന്നുള്ള ഒരു വീക്ഷണമാണ്. ഭർത്താവിനും ഭാര്യയ്ക്കും ജോലി. മകളുടെ വിവാഹം കഴിഞ്ഞു. മകൻ പഠിക്കുന്നു. നല്ല വീട്, കാറ്, സമൂഹത്തിൽ മാന്യമായ സ്ഥാനം, ബാദ്ധ്യതകളൊന്നുമില്ലാത്ത ജീവിതം.

കഴിഞ്ഞ ദിവസം അദ്ദേഹം എന്നെ കാണാൻ വന്നിരുന്നു. എപ്പോഴും ചിരിച്ചുകൊണ്ടുമാത്രം കണ്ടിട്ടുള്ള ആ മുഖം മ്ലാനമായിരുന്നു. ഒടുവിൽ അയാൾ എന്നോട് ഒരു രഹസ്യം പറഞ്ഞു. രണ്ടാഴ്ച മുമ്പ് ഭാര്യയ്ക്ക് ഒരു ചെക്കപ്പ് എടുക്കേണ്ടി വന്നു. റിസൾട്ട് വന്നപ്പോൾ ഡോക്ടറുടെ സംശയം ശരിയാണ്. ക്യാൻസർ

‘അവളോട് ഞാനിതുവരെ പറഞ്ഞിട്ടില്ല’ നിറകണ്ണുകളോടെ അദ്ദേഹം പറഞ്ഞു. “കുട്ടികളും അറിഞ്ഞിട്ടില്ല.......” ഭാഗ്യം എന്ന അവസ്ഥയും ഭാഗ്യവാനായ കഥാപുരുഷനും ഇതു രണ്ടും താൽക്കാലികമാണ്. ഏതോ ഒരു നിമിഷം നമ്മുടെ മനസ്സിലേക്ക് കടന്നുവന്നു. അടുത്ത നിമിഷം അപ്രത്യക്ഷമാകുന്ന ഒരു സ്വപ്നം പോലെ.....

സാമ്പത്തികരംഗത്തെ രാജാക്കന്മാർ ചിലപ്പോൾ പെട്ടെന്ന് തകർന്ന് വീഴുന്നത് നമ്മൾ കണ്ടിട്ടുണ്ട്. സ്റ്റോക്ക് മാർക്കറ്റ് നിലംപതിക്കുമ്പോൾ ആത്മഹത്യ ചെയ്യുന്നവരെപ്പറ്റി നമ്മൾ കേട്ടിട്ടുണ്ട്.

അതുകൊണ്ട് ഭൗതിക സമ്പത്തിനെയാണ് ഭാഗ്യം എന്നുകരുതുന്നതെങ്കിൽ ഓർക്കുക, ഏതു നിമിഷവും അത് നമ്മുടെ കൈയ്യിൽ നിന്ന് വഴുതിപ്പോകും.

ആരോഗ്യമാണ് ഭാഗ്യം എന്ന് ചിലർ പറയും. ഒരു ബയോപ്സി റിസൾറ്റ് പോസിറ്റീവ് ആയാൽ തീർന്നു ആ ഭാഗ്യം. അത്രയൊന്നും പോകേണ്ട, വഴിയിൽ ആരോ വലിച്ചെറിഞ്ഞ പഴത്തൊലിയിൽ ചവുട്ടിയൊന്ന് വീണാൽ മതി, ഭാഗ്യം ജീവിതാവസാനം വരെ നീണ്ടു നിൽക്കുന്ന നിർഭാഗ്യമായി മാറും.

ഭൗതികമായ ഭാഗ്യം എന്ന പട്ടികയിൽപ്പെടുത്താവുന്ന കാര്യങ്ങൾ ഒട്ടേറെയുണ്ട്. പറഞ്ഞുതുടങ്ങിയാൽ ഈ ഒരദ്ധ്യായത്തിൽ തീരില്ല. പക്ഷേ അവയ്ക്കെല്ലാം ഒരു പൊതുസ്വഭാവമുണ്ട്. താത്ക്കാലികം...... ക്ഷണികം. ഭാഗ്യവാനാരെന്നു നാം കരുതുന്ന എല്ലാവരുടേയും ജീവിതം വെള്ളത്തിലെ കുമിള പോലെയാണ്.

**“മനുഷ്യന്റെ ആയുസ്സ് പുല്ലുപോലെയാകുന്നു, വയലിലെ പൂ പോലെ അവൻ പൂക്കുന്നു, കാറ്റ് അതിന്മേലടിക്കുമ്പോൾ അത് ഇല്ലാതെ പോകുന്നു. അതിന്റെ സ്ഥലം പിന്നെ അതിനെ അറിയുന്നുമില്ല”**

ദാവീദ് രാജാവിന്റെ വാക്കുകളാണിവ

ഇങ്ങനെയുള്ള മനുഷ്യനോ ഭാഗ്യവാൻ? നമുക്കുള്ള നന്മയും അനുഗ്രഹങ്ങളും ഭാഗ്യമായി കാണുമ്പോൾ അവ ശാശ്വതമല്ലെന്നും കൂടി അറിയുക. നമ്മുടെ ആശ്രയം ഇങ്ങനെയുള്ള ക്ഷണിക സുഖങ്ങളിലാകരുത്; അവ എത്ര നല്ലതോ വലുതോ ആയാലും.

ചിലരെപ്പറ്റിയെങ്കിലും ‘അയാൾ ഒരു ഭാഗ്യംകെട്ടവനാണ്’ അല്ലെങ്കിൽ ‘നിർഭാഗ്യവാനാണ്’എന്നൊക്കെ നാം പറയാറുണ്ട്. താത്ക്കാലികമായ ഒരു ഇരുത്തമോ നഷ്ടമോ ദുഃഖമോ ഒക്കെ കണ്ടുകൊണ്ടാവും പലപ്പോഴും അങ്ങനെയൊക്കെ ചിന്തിക്കുക. എന്നെന്നും നിലനിൽക്കുന്ന സ്ഥായിയായ നന്മകളും അനുഗ്രഹങ്ങളും സമ്പത്തും സന്തുഷ്ടിയും ഉണ്ടെങ്കിൽ ഭാഗ്യവാൻ എന്നു നമുക്കൊരാളെ വിളിക്കാം. പക്ഷേ ആർക്കാണുള്ളത്?

ഭാഗ്യം അന്വേഷിക്കുന്നതിൽ തെറ്റുണ്ടോ? ഭാഗ്യവനാകാൻ ശ്രമിക്കുന്നതിൽ തെറ്റുണ്ടോ? ചിലരേയെങ്കിലും ഭാഗ്യവാന്മാരാ ക്കുവാനാണല്ലോ കേരളാ

ഗവൺമെന്റ് തന്നെ ഭാഗ്യക്കുറികൾ നടത്തുന്നത്. ഒരാളെ ലക്ഷപ്രഭുവാക്കുവാൻ അനേകലക്ഷം ആളുകളിൽ നിന്നും പണം ശേഖരിക്കുന്നു. അപ്പോൾ ഒരാൾക്കു ഭാഗ്യം, മറ്റുള്ളവർക്കെല്ലാം നിർഭാഗ്യം!

ജ്ഞാനിയായ സോളമൻ പറഞ്ഞിരിക്കുന്നത് ഇങ്ങനെയാണ്. 'സൂര്യനു താഴെയുള്ളതെല്ലാം മായ, പിന്നെ ഭാഗ്യം എവിടെ? ജീവിതം മാഞ്ഞുപോകുന്ന നിഴലെങ്കിൽ പിന്നെ ഭാഗ്യം എവിടെ? അടുത്ത നിമിഷത്തെക്കുറിച്ച്, അടുത്ത ശ്വാസത്തെക്കുറിച്ച് ഉറപ്പില്ലാത്ത മനുഷ്യന് ഏതാണു ഭാഗ്യാവസ്ഥ? ദാവീദുരാജാവിന്റെ സങ്കീർത്തനത്തിൽ ഇങ്ങനെ വായിക്കുന്നു:

"നന്മയും കരുണയും എന്റെ ആയുഷ്ക്കാലമൊക്കെയും എന്നെ പിന്തുടരും"

ഇത് ആയുസ്സിലെ ഭാഗ്യാവസ്ഥയാണ്.

ചില കാര്യങ്ങൾ കിട്ടിക്കഴിയുമ്പോൾ, നേടിക്കഴിയുമ്പോൾ "എന്റെ ഭാഗ്യം" എന്നു നാം പറയുന്നു, മറിച്ചായാൽ 'നിർഭാഗ്യവശാൽ' അതു സാധിച്ചില്ലെന്നും എന്നാൽ ഒരു കാര്യം സാധിക്കുന്നതും സാധിക്കാതെ പോകുന്നതും നിരവധി ഘടകങ്ങളെ ആശ്രയിച്ചാണ് ഇരിക്കുന്നത് എന്നു ചിന്തിക്കുവാൻ വെറും സാമാന്യബോധം മതി

ഭാഗ്യം തേടി ചിലർ തീർത്ഥയാത്ര വരെ ചെയ്യുന്നു. ചിലർ 'താൻ പാതി ദൈവം പാതി 'യെന്നു പറഞ്ഞു സമാധാനിക്കുന്നു. ചിലർ കാര്യം സാധിക്കാതെ വരുമ്പോൾ'കഷ്ടകാലം'എന്നു പറഞ്ഞു സ്വയം പരിതപിക്കുന്നു. ദാവീദ് രാജാവ്, ഭാഗ്യത്തെക്കുറിച്ച് പറഞ്ഞത് ഞാൻ ഉദ്ധരിക്കട്ടെ:

"ലംഘനം ക്ഷമിച്ചും പാപം മറെച്ചും
കിട്ടിയ മനുഷ്യൻ ഭാഗ്യവാൻ
യഹോവ അകൃത്യം കണക്കിടാതെയും
ആത്മാവിൽ കപടം ഇല്ലാതെയും
ഇരിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ"

നമ്മുടെ ഭാഗ്യാവസ്ഥ ദൈവത്തിലധിഷ്ഠിതമെന്നാണിവിടെ കാണുന്നത്. പാപം കൽപനാലംഘനമാണ്. പശ്ചാത്താപത്താൽ ലംഘനത്തിനു മാപ്പ് ലഭിക്കുന്നു. ശിക്ഷയിൽ നിന്നും ഒഴിവുണ്ടാകുന്നു. വസ്ത്രം നഗ്നതയെ

മറയ്ക്കുന്നതുപോലെ ക്ഷമ പാപത്തെ മൂടിക്കളയുന്നു. പാപത്തിനു മോചനം ലഭിക്കുമ്പോൾ ദൈവത്തിന്റെ നീതിയാൽ നാം മറയ്ക്കപ്പെടുന്നു. പാപം പിന്നീട് നമ്മെ ലജ്ജിപ്പിക്കുന്നില്ല.

നമ്മുടെ അകൃത്യവും പാപവും എല്ലാം ദൈവം ക്രിസ്തുവിൽ ചുമത്തി. അകൃത്യം മറച്ചുവെയ്ക്കാതെ ഏറ്റുപറയുന്നവനോട് ദൈവം ക്ഷമിക്കുന്നു. അതു പ്രാപിക്കുന്നവനാണ് യഥർത്ഥ ഭാഗ്യവാൻ. ദൈവം നൽകുന്ന ക്ഷമ നമുക്ക് ആശ്വാസം തരും. അതാണ് യഥാർത്ഥ ഭാഗ്യാവസ്ഥ. യേശുക്രിസ്തുവിന്റെ ഗിരിപ്രഭാഷണത്തിൽ ഭാഗ്യവാന്മാരായ ഒൻപതു കൂട്ടം ആളുകളെ ഉൾപ്പെടുത്തിയിരിക്കുന്നു. അതിവിടെ ഉദ്ധരിക്കുവാൻ ഞാനാഗ്രഹിക്കുന്നു. ശ്രദ്ധിക്കുമല്ലോ.

'പുരുഷാരത്തെ കണ്ടാറെ മലമേൽ കയറി. അവൻ ഇരുന്നശേഷം ശിഷ്യന്മാർ അടുക്കൽ വന്നു. അവൻ തിരുവായ് മൊഴിഞ്ഞു അവരോട് ഉപദേശിച്ചതെന്തെന്നാൽ: ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ: സ്വർഗ്ഗരാജ്യം അവർക്കുള്ളതു, ദുഃഖിക്കുന്നവർ ഭാഗ്യവാന്മാർ; അവർക്ക് ആശ്വാസം ലഭിക്കും. സൗമ്യതയുള്ളവർ ഭാഗ്യവാന്മാർ, അവർ ഭൂമിയെ അവകാശമാക്കും. നീതിക്കു വിശന്നു ദാഹിക്കുന്നവർ ഭാഗ്യവാന്മാർ അവർക്കു തൃപ്തി വരും. കരുണയുള്ളവർ ഭാഗ്യവാന്മാർ, അവർക്ക് കരുണ ലഭിക്കും. ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ അവർ ദൈവത്തെ കാണും. സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ; അവർ ദൈവത്തിന്റെ പുത്രന്മാർ എന്നു വിളിക്കപ്പെടും'.

ജീവന്റെ മേലും ജീവിതത്തിന്റെ മേലും ഭാവിയുടെ മേലും അധികാരമുള്ള ക്രിസ്തുവിന്റെ വാക്കുകളാണിവ. സാധാരണയായി സമ്പന്നരും അധികാരമുള്ളവരും, ആഡംബരജീവിതം നയിക്കുന്നവരുമൊക്കെയാണല്ലോ നമ്മുടെ 'ഭാഗ്യവാന്മാർ പട്ടികയിൽ സ്ഥാനം പിടിക്കുന്നത്! എന്നാൽ ക്രിസ്തുവിന്റെ പഠിപ്പിക്കലുകൾ വ്യത്യസ്തമാണ്. ദർശനങ്ങളും അങ്ങനെതന്നെ. ലോകരക്ഷിതാവ് ഭാഗ്യവാന്മാരാരൊക്കെയെന്ന് നിർവചിക്കുന്നുണ്ടിവിടെ. ഓരോന്നിലും, ഇപ്പോഴും ഭാവിയിലുമുണ്ടാകുന്ന ഭാഗ്യാവസ്ഥയെ വേർതിരിച്ചു കാണിക്കുന്നുമുണ്ട്. അതിൽ ഒരു കൂട്ടരെക്കുറിച്ച് അൽപം വിശദമായി ചിന്തിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

"ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ, അവർ ദൈവത്തെ കാണും"

ഗിരിപ്രഭാഷണത്തിലെ ഏറ്റവും ആഴമേറിയത് ഈ വചനമെന്ന് ഞാൻ മനസ്സിലാക്കുന്നു. ഹൃദയശുദ്ധി ഉന്നതമായ സ്വാഭാവം ആകുന്നു. യഥാർത്ഥ ക്രിസ്തീയത ഹൃദയത്തിലാണ്, ഹൃദയശുദ്ധിയിലാണ് കുടികൊള്ളുന്നത്. ദൈവസന്നിധിയിൽ വെടിപ്പുള്ള കരങ്ങളും ശുദ്ധഹൃദയവുമാണ് ഉയർത്തേണ്ടത്. നല്ലതിനെ മാത്രം ലക്ഷ്യമാക്കുന്ന ഹൃദയം. എല്ലാ തിന്മകളും അഴുക്കും കഴുകിക്കളഞ്ഞു വിശുദ്ധമാക്കിയ ഹൃദയം.

നമ്മുടെ ഹൃദയം എന്തെല്ലാം ഉൾക്കൊള്ളുന്നുവെന്ന് ക്രിസ്തു പറഞ്ഞിട്ടുണ്ട്. തുടർന്ന് വായിക്കുക:


“മനുഷ്യരുടെ ഹൃദയത്തിൽ നിന്ന് തന്നേ, ദുശ്ചിന്ത, വ്യഭിചാരം, പരസംഗം, കൊലപാതകം, മോഷണം, അത്യാഗ്രഹം, ദുഷ്ടത, ചതി, ദുഷ്ക്കർമ്മം, വിടക്കുകണ്ണ്, ദൂഷണം, അഹങ്കാരം, മൂഢത എന്നിവ പുറപ്പെടുന്നു. ഈ ദോഷങ്ങൾ എല്ലാം അകത്തു നിന്ന് പുറപ്പെട്ടു മനുഷ്യനെ അശുദ്ധനാക്കുന്നു എന്നും അവൻ പറഞ്ഞു.”

ഇതെല്ലാം നീക്കിയ ഹൃദയമുള്ളവർ ഭാഗ്യവാന്മാർ. കാരണം അങ്ങനെയുള്ളവരാണ് ദൈവത്തെ കാണുന്നത്. എന്നാൽ അങ്ങനെയുള്ളൊരു ഹൃദയത്തിനുടമയാകാൻ മനുഷ്യന് കഴിയുമോ? അതിനുള്ള ഭാഗ്യം മനുഷ്യനുണ്ടോ? അവിടെയും ദൈവത്താൽ അസാധ്യമായത് ഒന്നുമില്ലെന്നറിയുക. അതുകൊണ്ട് ആശ്രയിക്കുക, പ്രാർത്ഥിക്കുക.

ഭാഗ്യത്തെ ചില അവസരങ്ങളിൽ ‘X–ഫാക്ടർ’ (X- Factor) എന്നു പറഞ്ഞു കേൾക്കാറുണ്ട്. എന്തെന്ന് കണ്ടെത്താൻ കഴിയാത്ത ഒന്നിനെയാണ് നാം എക്സ് (X) എന്നു പേരിട്ടു വിളിക്കുക. ചലർക്ക് ഭാഗ്യം, ചിലർക്ക് വിധി. മറ്റു ചിലർ ആ X–ഫാക്ടറിനെ യാദൃശ്ചികം എന്നു പറയും. പക്ഷേ ഒന്നറിയുക ഒരു X–ഫാക്ടറും അദ്ധ്വാനത്തിന് പകരമാവുന്നില്ല. ജീവിതയാത്ര കല്ലും മുള്ളും നിറഞ്ഞതാണ്. എല്ലാ വൈതരണികളും ഭാഗ്യം കൊണ്ട് മാറിക്കിട്ടുകയില്ല. ഒരു പരിധിക്കപ്പുറം ഭാഗ്യത്തിൽ ആശ്രിയിക്കുന്നത് പരിശ്രമിക്കാനുള്ള മാനസികാവസ്ഥ ഇല്ലാതാക്കുകയും ചെയ്യും. പിന്നെ യാദൃശ്ചികതയുടെ കാര്യം, ദൈവത്തിന് യാദൃശ്ചികത എന്നൊന്നില്ല.

ഭാഗ്യത്തിൽ ആശ്രയിക്കാതെ ദൈവത്തിൽ ആശ്രയിച്ച് അദ്ധ്വാനത്തിന്റെ രുചിയറിഞ്ഞ് ജീവിക്കുന്ന ആ നല്ല ദിവസങ്ങളിലേക്ക് ഞാൻ നിങ്ങളെ സവിനയം സ്വാഗതം ചെയ്യുന്നു.

# മരണ അറിയിപ്പ്



കേരളത്തിൽ നിലമ്പൂർ ൗണിൽ മെഡിക്കൽ സ്റ്റോർ നടത്തുന്ന സഹോദരനും CSI സഭാംഗവുമായ എം.വി. അലക്സാണ്ടർ (ജോൺസൺസ്) അവർകൾ തന്റെ 90–ാമത്തെ വയസ്സിൽ പ്രായാധിക്യത്താൽ കർത്താവിൽ നിദ്ര പ്രാപിച്ചു.

ഞാൻ തുടങ്ങിയ ട്രൈബൽ മിഷൻ ആരംഭകാലത്തിൽ, നിലമ്പൂർ ആദിവാസികളായ ചോലനായ്ക്കന്മാരുടെ ഇടയിൽ ചെന്ന ആദ്യനാളുകളിൽ, അന്നു CSI അച്ചനായിരുന്ന റവ: ജോൺ വിശ്വനഥൻ അവർകൾ, ആദിവാസികൾക്കു ചികിത്സ ചെയ്യുവാൻ മരുന്നുകൾ വാങ്ങുവാൻ പരിചയപ്പെടുത്തിയത് ജോൺസൺ മെഡിക്കൽസ് ഉടമസ്ഥനായ സഹോ. ജോൺസൺ അവർകളെയാണ്. ഞങ്ങളുടെ സാമൂഹ്യസേവനം ആദിവാസികളുടെ ഇടയിൽ ചെയ്യുന്നത് അദ്ദേഹം കേട്ടപ്പോൾ ഞാൻ വാങ്ങിയ മരുന്നുകൾക്ക് പണം വാങ്ങിയില്ല. മാത്രമല്ല വേറെ ചില മരുന്നുകളും തന്നു സഹായിച്ചു. നാലു പ്രാവശ്യം നിലമ്പൂർ വനത്തിലേക്ക് വിശ്വാസികളെ കൂട്ടിക്കൊണ്ടുപോകുമ്പോൾ ജോൺസൺ അവർകൾ ഞങ്ങളോട് കാണിച്ച സ്നേഹം, മര്യാദ, നിലമ്പൂർ അടിമല വരെ ചെല്ലുവാനുള്ള ജീപ്പ്, ഇദ്ദേഹം തന്നെ ചിലവു ചെയ്തു സഹായിച്ചു. എം.വി ജോൺസൺ അവർകളുടെ കുടുംബത്തിന് **ട്രൈബൽ മിഷന്റെ** പേരിലും എന്റെ പേരിലും നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു. കുടുംബത്തെ ദൈവം ആശ്വാസപ്പെടുത്തി കൃപയായി വഴിനടത്തുമാറാകട്ടെ.

# ബെഞ്ചമിൻ ജോസഫ്

## (കളമശ്ശേരി പ്രയർ ഫെല്ലോഷിപ്പ് ലീഡർ) അവർകൾ കർത്താവിൽ നിദ്ര പ്രാപിച്ചു.

സഹോ. ബെഞ്ചമിൻ അവർകൾ ദോഹ (ഖത്തർ) ജോലിയിൽ ഉണ്ടായിരുന്ന സമയത്തു തന്നെ അവിടെയുള്ള മലയാളികൾക്കുവേണ്ടി പ്രത്യേക യോഗം മാർത്തോമ്മാസഭ വഴിയായി സംഘടിപ്പിച്ച് എന്നെ വിളിച്ച് പ്രസംഗിപ്പിച്ചു. അങ്ങനെയാണ് ആദ്യം പരിചയം ഉണ്ടായത്. ദോഹ ജോലി വിട്ടശേഷം മനോരമ പത്രം ഓഫീസിൽ ജോലി ചെയ്തു.

കളമശ്ശേരിയിൽ കത്തോലിക്കാക്കാരുടെ ഇടയിലും യാക്കോബായ സഭക്കാരുടെ ഇടയിലും വലിയ ഉണർവ്വ് ഉണ്ടാകുവാനും മറിയ പ്രാർത്ഥന ഉപേക്ഷിച്ചു മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുന്ന ചടങ്ങുകളെ ഉപേക്ഷിച്ചും ആ സഭകളിൽ ഉള്ള വിശ്വാസികൾ സഹോ. ബെഞ്ചമിൻ നടത്തിയ പ്രാർത്ഥനായോഗത്തിൽ സംബന്ധിക്കാൻ തുടങ്ങി. ഈ പ്രാർത്ഥനായോഗത്തിൽ സംബന്ധിച്ചവരെല്ലാം ചേർന്ന് ഓരോരോ വർഷവും യൂണിയൻ കൺവെൻഷൻ കളമശ്ശേരി എം.ആർ.എഫ് ഗ്രൗണ്ടിൽ സംഘടിപ്പിച്ചു. ആദ്യത്തെ യോഗത്തിൽ എന്നെയാണ് പ്രസംഗിക്കാനായി വിളിച്ചത്. പിന്നെ തിരുവല്ലാ നവജീവോദയം കെ.വി. ചെറിയാൻ, ഡോ. മുരളീധർ അവർകൾ തുടങ്ങിയവരെ ഉപയോഗിച്ച് ഒരു വലിയ ഉണർവ്വ് കത്തോലിക്കാക്കാരുടെ ഇടയിൽ ഉണ്ടാക്കി. എത്ര വലിയ പ്രാസംഗികർ വന്നാലും ഓരോരോ വർഷവും ഡോ. പുഷ്പാരാജായ എന്നെ വരുത്തണം എന്ന് ആ സ്ഥലത്തുള്ളവർ നിർബന്ധിക്കാൻ തുടങ്ങിയതുകൊണ്ട് ഓരോരോ വർഷവും കളമശ്ശേരി കൺവെൻഷനിൽ ഞാൻ പ്രസംഗിക്കാൻ പോയി. മാർത്തോമ്മാ CSI അച്ചന്മാർ മാറിമാറി ഓരോരോ ദിവസവും യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. അങ്ങനെ എല്ലാ സഭക്കാരും ഒത്തുചേർന്നു നടത്തുന്ന ഒരു വലിയ കൺവെൻഷനായി ആ യോഗം മാറി. ആ യോഗത്തിൽ രക്ഷിക്കപ്പെട്ടവരും രോഗസൗഖ്യം പ്രാപിച്ചവരും ധാരാളം പേർ സാക്ഷി പറയുവാൻ വന്നു. അദ്ദേഹം വിട്ടുപോയിരിക്കുന്ന അദ്ദേഹത്തിന്റെ ഭാര്യ സൂസമ്മ അവർകൾക്കും മക്കൾക്കും മരുമക്കൾക്കും ദൈവം ആശ്വാസം നൽകുമാറാകട്ടെ. ദൈവനാമത്തിന് മഹിമ ഉണ്ടാകുമാറാകട്ടെ.

# C. S. I. പത്രവാർത്തകൾ

**ജാമക്കാരന്റെ കുറിപ്പ്:–** മോഡറേറ്ററും ദക്ഷിണകേരള ഡയോസിസ് ബിഷപ്പുമായ Most Rev. ധർമ്മരാജ് റസാലം അവർകൾ പങ്കെടുത്ത കൂട്ടത്തിൽ ഉണ്ടായ ബഹളത്തെക്കുറിച്ചുള്ള പത്രവാർത്തകൾ ആണ് താഴെകൊടുത്തിരിക്കുന്നത്. ഇതിനെക്കുറിച്ചുള്ള എന്റെ സ്വന്തം വിമർശനം ഞാൻ എഴുതുന്നില്ല. എഴുതേണ്ട ആവശ്യവും ഇല്ല. **CSI** യിൽ ഉള്ള **124** ഡയോസിസ് ബിഷപ്പുമാരും സഭാജനങ്ങളും **CSI CNI** ( Church of North India) യിൽ ഉള്ള സഭാജനങ്ങളും ബിഷപ്പുമാരും ഈ വിവരങ്ങൾ അറിഞ്ഞു തങ്ങളുടെ സഭകളിൽ ഇങ്ങനെയുള്ള സാക്ഷ്യം നഷ്ടപ്പെട്ട രാഷ്ട്രീയ ബഹളം പോലെയുള്ള കാര്യങ്ങൾ നടക്കാതെ സൂക്ഷിക്കണം. ക്രിസ്തുവിന്റെ രണ്ടാം വരവിന് മുമ്പ് മണവാട്ടി സഭയിൽ ഉള്ള രക്ഷിക്കപ്പെട്ട വിശ്വാസികളെ തന്നോടു സ്വർഗ്ഗത്തിലേക്ക് കൂട്ടിക്കൊണ്ടുപോകാൻ കൊതിയോടും ഭാരത്തോടും വരുന്ന ക്രിസ്തുവിനെ **CSI CNI** സഭകൾ ദയവായി പരാജയപ്പെടുത്തരുത്. ക്രിസ്തുവിനെ ദുഃഖിപ്പിക്കാത്തവണ്ണം സൂക്ഷിക്കണം.

ഇനിയും ഒരു മാർട്ടിൻ ലൂഥർ വരും എന്ന് ആരും പ്രതീക്ഷിക്കരുത്. ഇനി വരാൻ പോകുന്നത് **മാർട്ടിൻലൂഥർ** അല്ല, **ന്യായവിധിയാണ്.** സഭയിൽ ഉള്ള രക്ഷിക്കപ്പെട്ട വിശ്വാസികൾ സഭാരാഷ്ട്രീയത്തിൽ ബന്ധപ്പെടാതെ അവരവരുടെ ആത്മാക്കളെ വചനം വായിച്ച് വചനപ്രകാരം സാക്ഷിയോട് സൂക്ഷിക്കുമെങ്കിൽ നിങ്ങൾ മാത്രം കർത്താവിന്റെ വരവിൽ എടുത്തുകൊള്ളപ്പെടും.

താഴെക്കാണുന്ന ഫോട്ടോയും വാർത്തയും വായിക്കുമ്പോൾ ഇതിൽ അന്യായം ചെയ്ത് ജനാധിപത്യത്തെ നഷ്ടപ്പെടുത്തി ദൈവത്തെ വേദനപ്പെടുത്തിയ ബിഷപ്പുമാർ, മോഡറേറ്റർ ഇവരെ സഹായിക്കുന്ന അച്ചൻമാർ, സഭാഭാരവാഹികൾ തീർച്ചയായും ന്യായവിധിയിൽ അവരവരുടെ പ്രവർത്തനത്തിന് തക്കവണ്ണം നരകശിക്ഷ അനുഭവിക്കും ഇതു സത്യം.

# എംഎം. ചർച്ചിനെ കത്തീഡ്രലായി പ്രഖ്യാപിച്ചു


## പള്ളിക്കുമുന്നിൽ സംഘർഷം

തിരുവനന്തപുരം: വിശ്വാസികളുടെ പ്രതിഷേധം മറികടന്ന് സി.എസ്.ഐ ദക്ഷിണകേരള മഹായിടവക ആസ്ഥാനത്തുള്ള പാളയം എം.എം. ചർച്ചിനെ ബിഷപ്പ് ധർമ്മരാജ് റസാലം കത്തീഡ്രലായി പ്രഖ്യാപിച്ചു. നിലവിലെ ഭരണസമിതി പിരിച്ചുവിട്ട് പുതിയ കമ്മിറ്റിയെ പ്രഖ്യാപിച്ചു. ബിഷപ്പിനുനേരെ പ്രതിഷേധവുമായി ഇടവകാംഗങ്ങൾ രംഗത്തിറങ്ങിയത് സംഘർഷത്തിൽ കലാശിച്ചു.

സ്വത്ത് തട്ടിയെടുക്കാനുള്ള ബിഷപ്പിന്റെയും അനുയായികളുടെയും നീക്കമെന്നാണ് ഇടവകാംഗങ്ങളുടെ ആരോപണം. പള്ളി ബിഷപ്പിന്റെ അധീനതയിലെന്നാണ് ധർമരാജ് റസാലത്തിന്റെ നിലപാട്.

116 വർഷം പഴക്കമുള്ള പാളയം സി.എസ്.ഐ പള്ളി, കത്തീഡ്രൽ ആക്കുന്നതിൽ ബിഷപ്പും ഇടവാകാംഗങ്ങളും തമ്മിൽ തർക്കം തുടങ്ങിയിട്ട് നാളുകളായി. വെള്ളിയാഴ്ച ബിഷപ്പ് ധർമരാജ് റസാലവും അനുകൂലികളും പള്ളിയുടെ ഗേറ്റ് ജെ.സി.ബി കൊണ്ടു പൊളിച്ച് അകത്തുകടന്ന് കുർബാന നടത്തി. സുവിശേഷകരുടെ സ്ഥാനക്കയറ്റച്ചടങ്ങും കത്തീഡ്രൽ പ്രഖ്യാപനവും ബിഷപ്പ് നടത്തി. കൊല്ലം –കൊട്ടാരക്കര ബിഷപ്പ് റവ. ഡോ. ഉമ്മൻജോർജ്, ഈസ്റ്റ് കേരള ഡയോസിസ് ബിഷപ്പ് റവ. വി.എസ്. ഫ്രാൻസിസ് തുടങ്ങിയവരുടെ കാർമികത്വത്തിലാണ് ചടങ്ങ് നടത്തിയത്.




എം.എം. ചർച്ചിന്റെ മുകളിൽ കത്തീഡ്രൽ എന്ന ബോർഡ് സ്ഥാപിക്കുന്നു.

ഇടവകാംഗങ്ങൾ പള്ളിക്കു മുന്നിൽ പ്രതിഷേധവുമായെത്തി. ഇരുവിഭാഗങ്ങളും മുഖാമുഖം വന്നപ്പോൾ പോലീസുമായി ഉന്തും തള്ളുമുണ്ടായി. തഹസിൽദാർ ഉൾപ്പെടെയുള്ളവർ സ്ഥലത്തെത്തി പ്രതിഷേധക്കാരുമായി ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ ഉച്ചയോടെ സമരം അവസാനിപ്പിച്ചു.

പള്ളിയിൽ അതിക്രമിച്ചു കയറിയവർ ഓഫീസ് രേഖകൾ കൊണ്ടുപോയതായി പഴയ ചർച്ച് കമ്മിറ്റി ഭാരവാഹികൾ മ്യൂസിയം പോലീസിൽ പരാതി നൽകി.

ഇടവകാംഗങ്ങൾ തെരെഞ്ഞെടുത്ത കമ്മിറ്റിയാണ് പള്ളിയുടെ ഭരണം നടത്തിയിരുന്നത്. കത്തീഡ്രലാക്കുന്നതോടെ പൂർണ്ണ അവകാശം ബിഷപ്പിനാകും. ഇതാണ് എതിർപ്പിനിടയാക്കിയത്.

**എതിർക്കുന്നവർ പള്ളിയുമായി ബന്ധമില്ലാത്തവർ**

എം.എം. ചർച്ചിനെ കത്തീഡ്രലാക്കി മാറ്റുന്നതിൽ പ്രതിഷേധിക്കുന്നവർ പള്ളിയുമായി ബന്ധമില്ലാത്തവരെന്ന് ബിഷപ്പ് ധർമരാജ് റസാലം

കത്തീഡ്രലായി എം. എം. ചർച്ചിനെ ഉയർത്തണമെന്ന് 1963–ൽ ഇടവക കമ്മിറ്റി തീരുമാനിച്ചിരുന്നെന്നും 2009 ഏപ്രിൽ 6 ന് എം.എം. ചർച്ചിനെ കത്തീഡ്രലായി ഉയർത്തി സിനഡ് പ്രഖ്യാപിച്ചിട്ടുണ്ടെന്നും ധർമരാജ് റസാലം അറിയിച്ചു




എം.എം. ചർച്ച് കത്തീഡ്രലാക്കുന്നതിൽ പ്രതിഷേധിച്ചും അനുകൂലിച്ചും പള്ളിയുടെ ഗേറ്റിന്റെ ഇരുവശങ്ങളിലും നിലയുറപ്പിച്ച വിശ്വാസികൾ

വാഴ്ത്തുന്നു!!!

സ്വീകരിക്കുന്നു!!!

## ഇന്ത്യാദേശത്തിലെ പുതിയ രാഷ്ട്രപതി അവർകളെ



ഇന്ത്യയുടെ 15–ാമത്തെ രാഷ്ട്രപതിയായി **ദ്രൗപതി മുർമു** എന്ന വനിതയെ നല്ല ഭൂരിപക്ഷത്തോടെ തിരഞ്ഞെടുത്തു. ജാർഖണ്ഡ് സംസ്ഥാനത്തിൽ ഉള്ള **ഗോയ** ആദിവാസി കുടുംബത്തിൽ ഉൾപ്പെട്ടവരാണ്. ഇങ്ങനെ ആദിവാസി വനിതയെ തിരഞ്ഞെടുത്തത് വലിയ സന്തോഷമായിരിക്കുന്നു. രാഷ്ട്രീയത്തിൽ എം.പിയായും ഗവർണ്ണറായും പദവി വഹിച്ചിട്ടുണ്ട്. നല്ല കഴിവുള്ള ഭരണകർത്താവാണ്, സാധാരണയായി എല്ലാവരാലും പറയപ്പെടുന്നതുപോലെ രാഷ്ട്രപതി പദവിയിലുള്ളവർ ഭരിക്കുന്ന രാഷ്ട്രീയ പാർട്ടിയുടെ റബ്ബർസ്റ്റാമ്പ് ആയിരിക്കും എന്ന പേർ ഇവർ മാറ്റിത്തരും എന്ന് പ്രതീക്ഷിക്കാം. ബി.ജെ.പിയും ആർ.എസ്.എസും താഴ്ന്ന ജാതിക്കാരേയും ദളിതരേയും വെറുക്കുന്നവരാണ്. അങ്ങനെയിരിക്കെ ആദിവാസി വനിതയെ എങ്ങനെ തിരഞ്ഞെടുത്തു എന്നത് മില്ല്യൺ ഡോളർ ചോദ്യമാകുന്നു. ഇത് ഒരു രാജതന്ത്ര തിരഞ്ഞെടുപ്പാകുന്നു. ബി.ജെ.പി, ആർ.എസ്.എസ് സംഘടനകൾ ദളിതരേയും മതന്യൂനപക്ഷങ്ങളേയും വെറുക്കുന്നവർ എന്ന ചീത്തപ്പേര് മാറ്റുവാൻ വേണ്ടിയും, വരുന്ന തിരഞ്ഞെടുപ്പിൽ ജയിക്കാൻ വേണ്ടിയും ആദിവാസി വനിതയെ രാഷ്ട്രപതിയായി തിരഞ്ഞെടുത്തു എന്ന് പറയപ്പെടുന്നു. എങ്ങനെ ആയാലും തിരഞ്ഞെടുക്കപ്പെട്ട വനിതാ **രാഷ്ട്രപതി ദ്രൗപതി മുർമു** അവർകളെ ജാമക്കാരൻ വായനക്കാരുടെ പേരിലും എന്റെ സ്വന്തം പേരിലും വാഴ്ത്തുന്നു. അഭിനന്ദിക്കുന്നു. പൂർണ്ണമനസ്സോടെ സ്വീകരിക്കുന്നു. നമ്മുടെ കർത്താവായ യേശുക്രിസ്തു രാഷ്ട്രപതിയെ അനുഗ്രഹിക്കുമാറാകട്ടെ.


**SEPTEMBER - 2022**

# Printed Book (Periodical)

**RNI Reg. No. TNBIL/2016/70171**

**Annual Subscription:**
**India - Rs.60/**
**Foreign - Rs.600/**

**Return Requested:**

**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**

Printed at P.M.Press,168,Arumuga Nagar, Salem-636 015
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.